# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

**Vol. LIII - JK 93** | **2025 OCTOBER 12** | **No. 11**

## CIRCULAR - 23
## ലോകമിഷൻ ഞായർ 2025

*യേശുവിൽ പ്രിയ വൈദികസഹോദരരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

2025 ഒക്ടോബർ 19–ാം തീയതി ഞായറാഴ്ച നാം ആഗോള കത്തോലിക്കാസഭയോടൊത്ത് മിഷൻഞായർ ആചരിക്കുകയാണ്. **"സകല ജനങ്ങൾക്കുമിടയിൽ പ്രത്യാശയുടെ പ്രേഷിതർ"** (മത്താ 22:9) എന്ന ആപ്ത വാക്യമാണ് ഈ വർഷത്തെ ആഗോളപ്രേഷിത ഞായറിന് തിരഞ്ഞെടുത്തിരിക്കുന്നത്. ലോകത്തിന്റെ നാനാഭാഗങ്ങളിൽ പ്രേഷിത പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്ന എല്ലാ മിഷണറിമാരോടും നമുക്കുള്ള സ്നേഹവും കടപ്പാടും പ്രകടിപ്പിക്കുവാനും, വേദനയും വിപ്രവാസവും ദാരിദ്ര്യവും അനുഭവിക്കുന്നവർക്ക് നമ്മളാൽ കഴിയുന്ന സാമ്പത്തിക സഹായം നൽകാനുമുള്ള അവസരമാണ് മിഷൻഞായർ ആചരണം.

കഴിഞ്ഞവർഷം നമുക്കു മിഷൻ സംഭാവനയായി ലഭിച്ച തുക നമ്മൾ തിരുസഭയുടെ പ്രേഷിത പ്രവർത്തനത്തിന് നേതൃത്വം നൽകുന്ന പൊന്തിഫിക്കൽ മിഷൻ സൊസൈറ്റിക്ക് അയച്ചു കൊടു

ക്കുകയുണ്ടായി. ത്യാഗപൂർണ്ണമായ മനസ്സോടെ സംഭാവനകൾ നൽകിയ നിങ്ങൾക്കെല്ലാവർക്കും ഹൃദയപൂർവ്വം ഞാൻ നന്ദി പറയുന്നു.

പരിശുദ്ധ പിതാവിന്റെ മിഷൻഞായർ സന്ദേശം താഴെ കൊടുത്തിരിക്കുന്നു. **പ്രസ്തുത സന്ദേശം 2025 ഒക്ടോബർ 19-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.** ഈ വർഷത്തെ മിഷൻ സംഭാവനകൾ ശേഖരിച്ച് 2025 ഡിസംബർ 31-നു മുൻപ് അതിരൂപതാ കച്ചേരിയിൽ ഏൽപിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2025 ഒക്ടോബർ 12-ാം തീയതി,

എറണാകുളം
12.10.2025

**✠ ജോസഫ് കളത്തിപ്പറമ്പിൽ**
*വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

# 2025–ലെ ആഗോള പ്രേഷിത ദിനത്തോടനുബന്ധിച്ച് (ഒക്ടോബർ 19, 2025)

## പാപ്പാ നല്കിയ സന്ദേശം

## "സകല ജനങ്ങൾക്കുമിടയിൽ പ്രത്യാശയുടെ പ്രേഷിതർ"

പ്രിയ സഹോദരീസഹോദരന്മാരേ,

ജൂബിലിവർഷമായ 2025-ലെ ആഗോള പ്രേഷിത ദിനത്തിനായി ഞാൻ തെരഞ്ഞെടുത്തിരിക്കുന്ന ആപ്തവാക്യം "സകല ജനങ്ങൾക്കുമിടയിൽ പ്രത്യാശയുടെ പ്രേഷിതർ" *(Spes Non Confundit)* "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല", എന്ന പ്രബോധനത്തിന്റെ ഖ. 1 കാണുക).

ഇത് വ്യക്തിപരമായി ഓരോ ക്രൈസ്തവനെയും, ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ കൂട്ടായ്മയായ സഭ മുഴുവനെയും, ക്രിസ്തുവിന്റെ പാത പിൻതുടർന്ന് പ്രത്യാശയുടെ സന്ദേശവാഹകരും നിർമാതാക്കളുമാകാനുള്ള നമ്മുടെ അടിസ്ഥാന വിളിയെ അനുസ്മരിപ്പിക്കുന്നതാണ്.

ഉത്ഥിതനായ ക്രിസ്തുവിൽ നമുക്കു പുതുജന്മം നല്കിയ വിശ്വസ്തനായ ദൈവത്തോടൊപ്പം ഏവർക്കുമിത് "സജീവ പ്രത്യാശയിലേക്കുള്ള" (1 പത്രോ 1: 3-4 കാണുക) കൃപയുടെ സമയമായിരിക്കുമെന്ന് ഞാൻ കരുതുന്നു.

ഇവിടെ, നമ്മുടെ ക്രൈസ്തവ പ്രേഷിതസ്വത്വത്തിന്റെ പ്രസക്തമായ ചില വശങ്ങളെപ്പറ്റി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുവഴി, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാനും സഭയിൽ ഒരു നവസുവിശേഷവത്കരണത്തിനായുള്ള പരിശുദ്ധ തീക്ഷ്ണതയാൽ കത്തിജ്വലിക്കാനും നമുക്ക് ഇടവരട്ടെ! ഇരുണ്ട നിഴലുകൾ തങ്ങിനില്ക്കുന്ന ഒരു ലോകത്ത് പ്രത്യാശയെ പുനർജനിപ്പിക്കാൻ അയക്കപ്പെട്ടവളാണല്ലോ സഭ (*Fratelli Tutti*) "എല്ലാവരും സഹോദരർ", ഖ. 9-55 കാണുക) .

### 1. നമ്മുടെ പ്രത്യാശയായ ക്രിസ്തുവിനെ പിന്തുടർന്ന്

രണ്ടായിരമാണ്ടിലെ വിശുദ്ധ വർഷത്തിനുശേഷം, മൂന്നാം സഹസ്രാബ്ദത്തിലെ ആദ്യത്തെ സാധാരണ ജൂബിലി ആഘോഷിച്ചു

കൊണ്ട് ചരിത്രത്തിന്റെ കേന്ദ്രബിന്ദുവായി “ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെ ആയിരിക്കുന്ന” (ഹെബ്രാ 13:8) ക്രിസ്തുവിൽ നാം നമ്മുടെ ദൃഷ്ടി പതിപ്പിക്കുക. നസ്രത്തിലെ സിനഗോഗിൽവച്ച് യേശു പ്രഖ്യാപിച്ചത് ചരിത്രത്തിലെ തന്റെ സാന്നിധ്യത്തിന്റെ “ഇന്ന്” എന്ന തിരുവെഴുത്ത് നിറവേറിയിരിക്കുന്നു എന്നാണ്. അപ്രകാരം, സകലജനത്തോടും ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കാനും കർത്താവിന്റെ കൃപയുടെ വത്സരത്തിന് നാന്ദികുറിക്കാനും പരിശുദ്ധാത്മാവിന്റെ അഭിഷേകത്തോടെ പിതാവിനാൽ അയക്കപ്പെട്ടവനാണ് താനെന്ന് യേശു സ്വയം വെളിപ്പെടുത്തി (ലൂക്കാ 4:16-21 കാണുക).

ലോകാന്ത്യംവരെ നിലനില്ക്കുന്ന ആജ്ഞേയമായ “ഇന്ന്” എന്ന കാലഘട്ടത്തിൽ, ക്രിസ്തു എല്ലാവർക്കും പ്രത്യേകിച്ച്, ദൈവം മാത്രം ഏക ആശ്രയമായിട്ടുള്ളവർക്ക്, രക്ഷയുടെ പൂർണതയാകുന്നു. യേശു തന്റെ പരസ്യജീവിതകാലത്ത്, “തിന്മയിൽ നിന്നും ദുഷ്ടനിൽ നിന്നും” എല്ലാവരെയും സുഖപ്പെടുത്തിക്കൊണ്ടും നന്മ പ്രവർത്തിച്ചു കൊണ്ടും ചുറ്റി സഞ്ചരിച്ചു” (അപ്പ 10:38 കാണുക). ദരിദ്രർക്കും ജനത്തിനു മുഴുവനും ഇടയിൽ ദൈവത്തിലുള്ള പ്രത്യാശയെ അവൻ പുനഃപ്രതിഷ്ഠിച്ചു. പാപമൊഴികെയുള്ള എല്ലാ മാനുഷിക ബലഹീനതകളും അവൻ അനുഭവിച്ചു. പ്രത്യാശ നഷ്ടപ്പെട്ടേക്കാവുന്ന നിർണായ നിമിഷങ്ങളായ ഗത്സമനിയിലും കുരിശിലും അവൻ തളർന്നില്ല. മനുഷ്യകുല രക്ഷയ്ക്കായി പിതാവായ ദൈവമൊരുക്കിയ പദ്ധതിയോട് അനുസരണയോടെ വിശ്വാസമർപ്പിച്ചുകൊണ്ട്, പൂർണമായ പ്രത്യാശയുള്ള സമാധാനപദ്ധതിയുടെ ഭാവിക്കായി, യേശു, പിതാവിൽ എല്ലാം ഭരമേല്പിച്ചു (ജറെ 29:11 കാണുക). ഇപ്രകാരം, കടുത്ത പരീക്ഷണങ്ങൾക്കിടയിൽപ്പോലും പ്രത്യാശയുടെ ദിവ്യപ്രേഷിതനായി; അങ്ങനെ ദൈവം ഭരമേല്പിച്ച ദൗത്യം കാലാകാലങ്ങളോളം നിറവേറ്റുന്നവരുടെ ഉത്തമ മാതൃകയായി യേശുമാറി.

എല്ലാ മനുഷ്യർക്കിടയിലേക്ക് തന്റെ ശിഷ്യരെ അയച്ചുകൊണ്ടും ഒരു രഹസ്യ സാന്നിധ്യമായി അവരോടൊപ്പം സഞ്ചരിച്ചുകൊണ്ടും, യേശു മനുഷ്യരാശിക്കായുള്ള പ്രത്യാശയുടെ ശുശ്രൂഷ തുടർന്നു കൊണ്ടിരിക്കുന്നു. ദരിദ്രർ, പീഡിതർ, നിരാശർ, അടിച്ചമർത്തപ്പെട്ട

വർ എന്നിവരുടെയെല്ലാം പക്ഷം ചേർന്നുകൊണ്ട് "അവരുടെ മുറിവുകളിൽ ആശ്വാസത്തിന്റെ തൈലവും പ്രത്യാശയുടെ വീഞ്ഞും" ("യേശു നല്ല സമറിയാക്കാരൻ", *ആമുഖഗീതി*) അവൻ ഒഴുക്കുന്നു. ക്രിസ്തുവിന്റെ പ്രേഷിതശിഷ്യരുടെ സമൂഹമായ സഭയാകട്ടെ, തന്റെ കർത്താവും ഗുരുവുമായ അവനെ അനുസരിച്ചുകൊണ്ട്, അതേ ശുശ്രൂഷയുടെ അരൂപിയിൽ അവളുടെ ജീവിതം സകലജനതകൾക്കുമായി അർപ്പിച്ചുകൊണ്ട് ആ ദൗത്യം തുടരുന്നു. അനുദിനം നേരിടുന്ന പീഡനങ്ങൾക്കും വേദനകൾക്കും പ്രശ്നങ്ങൾക്കും നടുവിലും, കൂടാതെ, സഭാംഗങ്ങളുടെതന്നെ ദൗർബല്യങ്ങൾ മൂലമുള്ള അപൂർണതകൾക്കും പരാജയങ്ങൾക്കും മധ്യേയിലും അന്തിമവിമോചനത്തിനായി കാത്തിരിക്കുന്ന മനുഷ്യരാശിയുടെ മുറവിളിയും സൃഷ്ടജാലങ്ങളുടെ രോദനവും ഹൃദയത്തിൽ പേറികൊണ്ടും, ക്രിസ്തു സ്നേഹത്താൽ പ്രേരിതയായി സഭ അവനോടൊപ്പം അവനിൽ തന്റെ പ്രേഷിതയാത്ര തുടരുന്നു. തന്റെ പാത പിന്തുടരാനായി കർത്താവ് എപ്പോഴും എല്ലാക്കാലത്തേക്കുമായി വിളിച്ചിരിക്കുന്ന സഭ, "നിശ്ചലമായ സഭയല്ല, തന്റെ നാഥനോടൊപ്പം ലോകത്തിന്റെ തെരുവീഥികളിലൂടെ യാത്ര ചെയ്യുന്ന ഒരു പ്രേഷിതസഭയാണ്" (*2024 ഒക്ടോബർ 27-ന് മെത്രാന്മാരുടെ സിനഡിന്റെ ജനറൽ അസംബ്ലിയുടെ സമാപന ദിവ്യപൂജയിലെ പ്രസംഗത്തിൽ നിന്ന്*).

കർത്താവായ യേശുവിന്റെ പാതപിന്തുടർന്ന്, ദൈവം നമ്മെ ജീവിക്കാൻ അനുവദിച്ചിട്ടുള്ള ഓരോ സ്ഥലത്തും സാഹചര്യത്തിലും അവനോടുകൂടെ അവനിൽ ഏവർക്കും പ്രത്യാശയുടെ അടയാളങ്ങളും സന്ദേശവാഹകരുമാകാൻ നമ്മളും പ്രചോദിതരാകട്ടെ! ജ്ഞാനസ്നാനം സ്വീകരിച്ചവരെല്ലാം, ക്രിസ്തുവിന്റെ പ്രേഷിതശിഷ്യരെന്ന നിലയിൽ, ഭൂമിയുടെ എല്ലാ ഇടങ്ങളിലും അവന്റെ പ്രത്യാശയുടെ പ്രകാശം പ്രതിഫലിപ്പിക്കട്ടെ.

## 2. ക്രൈസ്തവർ: എല്ലാ ജനതകൾക്കുമിടയിൽ പ്രത്യാശയുടെ സംവാഹകരും നിർമാതാക്കളും

കർത്താവായ ക്രിസ്തുവിനെ പിന്തുടരുന്ന ക്രൈസ്തവർ, തങ്ങൾ കണ്ടുമുട്ടുന്നവരുടെ യഥാർഥ ജീവിത സാഹചര്യങ്ങളിൽ പങ്കുചേർന്നുകൊണ്ട് സുവിശേഷം കൈമാറാനും പ്രത്യാശയുടെ സംവാഹകരും

നിർമാതാക്കളുമാകാനും വിളിക്കപ്പെട്ടിരിക്കുന്നു. തീർച്ചയായും, "ഇന്നത്തെ മനുഷ്യരുടെ പ്രത്യേകിച്ച്, ദരിദ്രരുടെയും കഷ്ടതയനുഭവിക്കുന്നവരുടെയും ആനന്ദവും പ്രതീക്ഷയും ക്ലേശവും തീവ്രവേദനയും ക്രിസ്തുവിന്റെ ശിഷ്യരുടെ ആനന്ദവും പ്രതീക്ഷയും ക്ലേശവും തീവ്ര വേദനയും തന്നെയാണ്. മാനുഷികമായി കാണപ്പെടുന്നവയിൽ ഒന്നും തന്നെ അവരുടെ ഹൃദയത്തിൽ പ്രതിധ്വനി ഉയർത്താത്തതായില്ല" (*സഭ ആധുനികലോകത്തിൽ*, 1).

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രസിദ്ധമായ ഈ പ്രസ്താവന എല്ലാക്കാലത്തെയും ക്രൈസ്തവ സമൂഹങ്ങളുടെ മനോഭാവത്തെയും ജീവിതശൈലിയെയും എടുത്തുകാട്ടുകയും സഭാംഗങ്ങളെ നിരന്തരം പ്രചോദിപ്പിച്ചുകൊണ്ട് ലോകത്തിലെ ഇതര സഹോദരങ്ങളോടൊപ്പം യാത്ര ചെയ്യാൻ സഹായിക്കുകയും ചെയ്യുന്നു. ഇവിടെ ഞാൻ ജനതകൾക്കിടയിൽ (*ad gentes*) പ്രേഷിതപ്രവർത്തനം നടത്തുന്ന മിഷനറിമാരായ, നിങ്ങളെ പ്രത്യേകമായി അനുസ്മരിക്കുന്നു. കർത്താവിന്റെ വിളി സ്വീകരിച്ചുകൊണ്ട് നിങ്ങൾ ക്രിസ്തുവിലുള്ള ദൈവസ്നേഹം പങ്കുവയ്ക്കാൻ മറ്റു ജനതകൾക്കിടയിലേക്കും ഇറങ്ങി പുറപെട്ടിരിക്കുന്നു. ഞാൻ നിങ്ങൾക്ക് ഹൃദയപൂർവം നന്ദി പറയുന്നു. എല്ലാ ജനതകളോടും സുവിശേഷം പ്രഘോഷിക്കാൻ തന്റെ ശിഷ്യന്മാരെ അയച്ച ഉത്ഥിതനായ കർത്താവിന്റെ ആഹ്വാനത്തിനുള്ള (മത്താ 28: 18-20 കാണുക) മറുപടിയാണ് നിങ്ങളുടെ ജീവിതം. അപ്രകാരം, നിങ്ങൾ പരിശുദ്ധാത്മശക്തിയാലും അനുദിന പരിശ്രമത്താലും സകല ജനതകൾക്കുമിടയിൽ ക്രിസ്തുവിന്റെ പ്രേഷിതരും മഹത്തായ പ്രത്യാശയുടെ സാക്ഷികളുമാകാനുള്ള ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരുടെയും വിളിയുടെ അടയാളങ്ങളായി നിലകൊള്ളുന്നു.

ഈ പ്രത്യാശയുടെ ചക്രവാളം ലോകത്തിലെ ക്ഷണികമായവയെല്ലാം അതിജീവിച്ച് നാം ഇപ്പോൾ തന്നെ പങ്കുചേരുന്ന ദൈവിക സത്യങ്ങളിലേക്കുള്ള വഴിതുറക്കുന്നു. വിശുദ്ധ പോൾ ആറാമൻ പാപ്പാ നിരീക്ഷിച്ചതുപോലെ, ദൈവകരുണയുടെ വരദാനമായി സഭ സകലർക്കുമായി പങ്കുവയ്ക്കുന്ന ക്രിസ്തുവിലുള്ള രക്ഷ, "മനുഷ്യന്റെ ശാരീരികമോ, ആത്മീയമോ ആയ ഐഹിക ജീവിതത്തെ മാത്രം സ്പർശിക്കുന്ന ഒന്നല്ല; കേവലം ഭൗതികങ്ങളായ അഭിലാഷങ്ങളെയും

പ്രതീക്ഷകളെയും ജീവിത കൃത്യങ്ങളെയും പ്രതിസന്ധികളെയും മാത്രം ആസ്പദമാക്കി നിലകൊള്ളുന്നതുമല്ല. മറിച്ച്, ഏറ്റവും ദിവ്യ മായ പരമസത്തയോടു മനുഷ്യവ്യക്തിയെ ഐക്യപ്പെടുത്തുന്നതിനാ ലാണ് അതിന്റെ പൂർത്തീകരണം സ്ഥിതി ചെയ്യുന്നത്; ആ പരമസത്ത ദൈവമാണ്. അതിസ്വാഭാവികവും യുഗാന്ത്യപരവുമായ പ്രസ്തുത രക്ഷ യുടെ പ്രാരംഭം ഈ ലോകജീവിതത്തിൽത്തന്നെ ഉണ്ടാവുകയും അനന്തതയിൽ സാക്ഷാത്കരിക്കപ്പെടുകയും ചെയ്യും (*Evangelii Nuntiandi*) "സുവിശേഷ പ്രഘോഷണം", 27).

മഹത്തായ ഈ പ്രത്യാശയാൽ പ്രചോദിതരായി ക്രൈസ്തവ സമൂഹങ്ങൾക്ക് ഒരു നവമാനവികതയുടെ സന്ദേശവാഹകരായിത്തീ രാൻ കഴിയും. എന്തെന്നാൽ "അതിവികസിത" മേഖലകളിൽപ്പോലും മനുഷ്യരെ പ്രതിസന്ധിയിലാക്കുന്ന ഗുരുതരപ്രശ്നങ്ങൾ - അർഥ ശൂന്യത, ഏകാന്തത, മുതിർന്നവരുടെ ആവശ്യങ്ങളോടുള്ള അവഗണന, സഹായഹസ്തം ആവശ്യമുള്ള അയൽക്കാരനെ അവഗണിക്കുന്ന മനോഭാവം തുടങ്ങിയവ - വ്യാപകമായി കണ്ടുവരുന്നു. സാങ്കേതിക മായി ഏറെ വളർന്ന രാജ്യങ്ങളിൽ "സാമീപ്യം" (proximity) എന്നത് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. നമ്മളെല്ലാവരും പരസ്പരം ബന്ധി ക്കപ്പെട്ടിരിക്കുന്നു, എന്നാൽ നാം ബന്ധപ്പെട്ടു ജീവിക്കുന്നില്ല. കാര്യ ക്ഷമതയോടു നമുക്കുള്ള അമിതാസക്തിയും ഭൗതികവസ്തുക്കളോടും അഭിലാഷങ്ങളോടുമുള്ള ബന്ധവും നമ്മെ സ്വാർഥരും സഹജീവികളെ പരിഗണിക്കാത്തവരുമാക്കുന്നു. എന്നാൽ, ഒരു സമൂഹത്തിൽ അനുഭ വതലത്തിലെത്തുന്ന സുവിശേഷത്തിന് നമ്മെ സമഗ്രവും ഓജസ്സു ള്ളതും വീണ്ടെടുക്കപ്പെട്ടതുമായ ഒരു മാനവികതയിലേക്ക് തിരികെ കൊണ്ടുവരാൻ കഴിയും.

അതിനാൽ, ജൂബിലി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രബോധനത്തിൽ (ഖ. 7-15) പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഏറെ പ്രത്യേകമായി, ദരിദ്രരെയും ദുർബലരെയും രോഗികളെയും മുതിർന്നവരെയും, ഭൗതികതയുടെയും ഉപഭോക്തൃസംസ്കാരത്തിന്റെയും പിടിയിലമർന്ന സമൂഹം അവഗ ണിച്ചു മാറ്റിനിർത്തിയിരിക്കുന്നവരെയും പ്രത്യേകം പരിഗണിക്കുന്ന കാര്യത്തിൽ, നാമെല്ലാവരും പ്രവൃത്തിതലത്തിൽ കൊണ്ടുവരണമെന്ന്

ഞാൻ വീണ്ടും ആഹ്വാനം ചെയ്യുന്നു. ഇവയെല്ലാം ദൈവത്തിന്റെ ' 'ശൈലി"യിൽ നാം നിവർത്തിയാക്കണം. അതായത്, സാമിപ്യത്തോടും, അനുകമ്പയോടും, ആർദ്രതയോടും നമ്മുടെ സഹോദരങ്ങൾ ജീവിക്കുന്ന പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് അവരുമായി വ്യക്തിപരമായ ബന്ധം പുലർത്തിക്കൊണ്ട് നാമത് നിർവഹിക്കണം (*Evangelii Gaudium*) "സുവിശേഷത്തിന്റെ സന്തോഷം", 127-128 കാണുക) . പലപ്പോഴും പ്രത്യാശയോടെ ജീവിക്കേണ്ടതെങ്ങനെയെന്ന് അവരാണ് നമ്മെ പഠിപ്പിക്കുന്നത്. അവരുമായുള്ള വ്യക്തിബന്ധത്തിലൂടെ കർത്താവിന്റെ അനുകമ്പാർദ്രഹൃദയത്തിന്റെ സ്നേഹം പകർന്നുകൊടുക്കാൻ നമുക്കു കഴിയും. "സുവിശേഷപ്രഘോഷണത്തിന്റെ ആരംഭത്തിന്റെ കാതൽ ക്രിസ്തുവിന്റെ ഹൃദയമാണ്" (*Dilexit Nos* "അവൻ നമ്മെ സ്നേഹിച്ചു", 32) എന്ന് ഇതിലൂടെ നമുക്കു ബോധ്യമാകും. ഈ ഉറവിടത്തിൽനിന്ന് ശേഖരിച്ചുകൊണ്ട്, ദൈവത്തിൽനിന്ന് നാം സ്വീകരിച്ച പ്രത്യാശ (1 പത്രോ 1:21 കാണുക) ലാളിത്യത്തോടെ പകർന്നുകൊടുക്കാൻ നമുക്കു സാധിക്കും; മാത്രമല്ല ദൈവം നമ്മെ ആശ്വസിപ്പിച്ച അതേ ആശ്വാസം വഴി മറ്റുള്ളവരെ ആശ്വസിപ്പിക്കാനും നമുക്കു കഴിയും (2 കോറി 1:3-4 കാണുക). നമ്മെയെല്ലാം തന്റെ സ്നേഹത്തിലേക്ക് ആകർഷിക്കുന്ന ദൈവം, യേശുവിന്റെ മാനുഷികവും ദൈവികവുമായ ഹൃദയത്തിലൂടെ സ്ത്രീപുരുഷന്മാരുടെ ഓരോരുത്തരുടെയും ഹൃദയത്തോടു സംസാരിക്കാൻ ആഗ്രഹിക്കുന്നു. "ലോകം മുഴുവൻ ആശ്ലേഷിക്കുന്ന ക്രിസ്തുവിന്റെ ഹൃദയത്തിന്റെയും പിതാവിന്റെ സ്നേഹത്തിന്റെയും അടയാളങ്ങളായിത്തീരാനുള്ള ദൗത്യം തുടരാനായി നമ്മൾ അയക്കപ്പെട്ടിരിക്കുന്നു" (*പൊന്തിഫിക്കൻ മിഷൻ സൊസൈറ്റിയുടെ ജനറൽ അസംബ്ലിയിൽ പങ്കെടുത്തവരോട് നടത്തിയ പ്രസംഗത്തിൽനിന്ന്,* ജൂൺ 3, 2023).

## 3. പ്രത്യാശയുടെ ദൗത്യം നവീകരിക്കൽ

ഇന്ന് പ്രത്യാശയുടെ ദൗത്യത്തിന്റെ അടിയന്തിര സ്വഭാവത്തെ നോക്കിക്കാണുന്ന ക്രിസ്തുശിഷ്യർ, പ്രധാനമായും വിളിക്കപ്പെട്ടിരിക്കുന്നത് പ്രത്യാശയുടെ "ശില്പികൾ" ആകാനും മിക്കപ്പോഴും അലസരും അസംതൃപ്തരുമായ മനുഷ്യസമൂഹാംഗങ്ങളെ പുനരുദ്ധരിക്കാനുമാണ്.

ഈ ലക്ഷ്യപ്രാപ്തിക്കായി, ഉത്ഥാനത്തിന്റെ ആത്മീയത അനുഭവവേദ്യമാക്കുന്ന ഓരോ ദിവ്യപൂജാചരണത്തിലും ഏറെ പ്രത്യേക്കമായി, ആരാധനാവത്സരത്തിന്റെ കേന്ദ്രവും പൂർണതയുമായ ഈസ്റ്റർ ത്രിദിനജാഗരണത്തിലും (Easter Triduum) നമ്മൾ നവീകൃതരാകേണ്ടതുണ്ട്. നമ്മളെല്ലാവരും ക്രിസ്തുവിന്റെ രക്ഷാകരമായ മരണത്തിലേക്കും ഉത്ഥാനത്തിലേക്കും, ചരിത്രത്തിന്റെ നിത്യവസന്തം അടയാളപ്പെടുത്തുന്ന കർത്താവിന്റെ പെസഹാരഹസ്യത്തിലേക്കു സ്നാനം സ്വീകരിച്ചവരാണ്. അതുവഴി നമ്മൾ "ഒരു വസന്തകാല ജനമാകുന്നു"; എല്ലാവരോടും പങ്കുവയ്ക്കേണ്ട പ്രത്യാശയാൽ നിറഞ്ഞവരാണ് നാം. കാരണം മനുഷ്യാസ്തിത്വത്തിന്മേൽ ഉച്ചരിക്കപ്പെടുന്ന "മരണത്തിന്റെയും വെറുപ്പിന്റെയും വാക്ക് അവസാനവാക്കല്ല എന്നു നാം ക്രിസ്തുവിൽ വിശ്വസിക്കുകയും അറിയുകയും ചെയ്യുന്നു" (*2017 ആഗസ്റ്റ് 23-ലെ പ്രബോധനം* [Catechesis] കാണുക). ആരാധനക്രമ ആഘോഷങ്ങളിലൂടെയും കൂദാശകളിലൂടെയും സന്നിഹിതമാകുന്ന പെസഹാരഹസ്യങ്ങളിൽ നിന്ന്, ലോകമെമ്പാടും ആവേശത്തോടും നിശ്ചയദാർഢ്യത്തോടും സഹിഷ്ണുതയോടുംകൂടെ സുവിശേഷപ്രഘോഷണപ്രവൃത്തി ചെയ്യാൻ പരിശുദ്ധാത്മശക്തി നിരന്തരം നാം സ്വീകരിക്കുന്നു. "ഉത്ഥിതനും മഹത്ത്വീകൃതനുമായ ക്രിസ്തു തന്നെയാണ് നമ്മുടെ പ്രത്യാശയുടെ ഉറവിടം. അവൻ നമ്മെ ഭരമേല്പിച്ചിരിക്കുന്ന ദൗത്യ നിർവഹണത്തിനാവശ്യമായ സഹായം നമുക്കൊരിക്കലും അവൻ കുറയ്ക്കുകയില്ല" (*Evangelii Gaudium)* "സുവിശേഷത്തിന്റെ സന്തോഷം", 275). ദൈവത്തിന്റെ ദാനവും ക്രൈസ്തവരുടെ സാധനയുമായ ആ വിശുദ്ധ പ്രത്യാശ, ക്രിസ്തുവിൽ നാം ജീവിക്കുകയും അതിന് സാക്ഷ്യം നല്കുകയും ചെയ്യുന്നു (*Hope is A Light in The Night*,Vatican City, 2024, 7).

പ്രാർഥിക്കുന്ന സ്ത്രീപുരുഷന്മാർ പ്രത്യാശയുടെ പ്രേഷിതരാണ്. "പ്രത്യാശിക്കുന്നയാൾ പ്രാർഥിക്കുന്നയാളാണ്" എന്ന് ധന്യനായ കർദിനാൾ ഫ്രാൻസിസ് സേവ്യർ വാൻ തുവാൻ പറയുകയുണ്ടായി. ദീർഘകാലം ജയിലിൽ കഴിഞ്ഞപ്പോൾ വിശ്വസ്തമായ പ്രാർഥനയാലും ദിവ്യപൂജയുടെ ശക്തിയാലുമാണ് അദ്ദേഹം പ്രത്യാശാപൂർവം ഉറച്ചുനിന്നത് ( *The Road of Hope*, Boston, 2001, 963 കാണുക) . നമ്മുടെ പ്രഥമ പ്രേഷിതപ്രവർത്തനം പ്രാർഥനയാണെന്നും അതേ

സമയംതന്നെ "പ്രത്യാശയുടെ ആദ്യശക്തി" പ്രാർഥനയാണെന്നും നാം മറന്നുകൂടാ (*2020 മേയ് 20-ലെ പ്രബോധനം* [Catechesis]).

അതിനാൽ നമുക്ക് പ്രാർഥിച്ചുകൊണ്ട് പ്രത്യാശയുടെ നവീകരണ ദൗത്യം ആരംഭിക്കാം. അത് ദൈവവചനത്തിൽ അധിഷ്ഠിതമായ, ഏറെ പ്രത്യേകിച്ച്, പരിശുദ്ധാത്മാവ് രചയിതാവായുള്ള സങ്കീർത്തനങ്ങൾ എന്ന പ്രാർഥനാശ്രുതിമേളം വഴി നമുക്ക് ആരംഭിക്കാം (*2024 ജൂൺ 19-ലെ പ്രബോധനം* [Catechesis]). കഷ്ടതകൾ നിറഞ്ഞ കാലത്തിലും നമ്മൾ പ്രത്യാശ വെടിയാതിരിക്കാനും നമുക്കു ചുറ്റുമുള്ള പ്രത്യാശയുടെ അടയാളങ്ങളെ എപ്പോഴും തിരിച്ചറിയാനും ദൈവം എല്ലാ ജനതകളിലും മഹത്ത്വപ്പെടണം എന്ന നിരന്തരമായ പ്രേഷിതതാല്പര്യത്തിൽ മുന്നോട്ടു യാത്രചെയ്യാനും സങ്കീർത്തനങ്ങൾ നമ്മെ പരിശീലിപ്പിക്കുന്നു (സങ്കീ 41:12; 67:4 കാണുക). ദൈവം നമ്മിൽ തെളിച്ച പ്രത്യാശയുടെ ദീപം പ്രാർഥനയിലൂടെ സജീവമാക്കി നിറുത്തുന്നു. അങ്ങനെ അത് അഗ്നിയായി പടരുകയും അതുവഴി നമുക്ക് ചുറ്റുമുള്ള എല്ലാവരെയും പ്രകാശിപ്പിക്കുകയും ചൂടുപിടിപ്പിക്കുകയും ചെയ്യും; മാത്രമല്ല, അത് പ്രാർഥന നമ്മിൽ പ്രചോദിപ്പിക്കുന്ന പുണ്യപ്രവൃത്തികളും സത്കർമങ്ങളും ചെയ്യുന്നതുവഴിയും ആയിരിക്കും.

അവസാനമായി, സുവിശേഷപ്രഘോഷണം എപ്പോഴും എക്കാലത്തിലും, ക്രിസ്തീയ പ്രത്യാശപോലെതന്നെ, സാമൂഹികമായ ഒരു പ്രക്രിയയാണ് (Benedict XVI, *Spe Salvi)* = "പ്രത്യാശയിൽ രക്ഷ", 41). ഈ പ്രക്രിയ സുവിശേഷത്തിന്റെ പ്രാരംഭ പ്രഘോഷണത്തിലോ, ജ്ഞാനസ്നാനത്തിലോ മാത്രം അവസാനിക്കുന്നില്ല. മറിച്ച്, ജ്ഞാനസ്നാനം സ്വീകരിച്ച ഒരോരുത്തരെയും സുവിശേഷത്തിന്റെ പാതയിലൂടെ അനുഗമനം ചെയ്തുകൊണ്ട് ക്രൈസ്തവ സമൂഹങ്ങൾ പണിതുയർത്തുന്നതിലൂടെ തുടരുന്നു. ആധുനിക സമൂഹത്തിൽ, സഭയിൽ അംഗമായിരിക്കുക എന്നത് ഒറ്റയടിക്ക് നേടിയെടുക്കുന്ന ഒന്നല്ല; അതിനാലാണ് ക്രിസ്തുവിലുള്ള വിശ്വാസം കൈമാറുന്നതും അത് പക്വമായി രൂപപ്പെടുത്തുന്നതുമായ പ്രേഷിതദൗത്യം "സഭയുടെ എല്ലാ പ്രവർത്തനങ്ങൾക്കും മാതൃക ആയിരിക്കുന്നത്" (*Evangelii Gaudium)* "സുവിശേഷത്തിന്റെ സന്തോഷം", 15) . പ്രസ്തുത പ്രവർത്തനം പ്രാർഥനയുടെ കൂട്ടായ്മയും പ്രവൃത്തിയും ആവശ്യപ്പെടുന്നു. ഇവിടെ ഞാൻ

വീണ്ടും ഒരിക്കൽകൂടെ, സഭയുടെ പ്രേഷിതാത്മക സിനഡാത്മകതയുടെ പ്രാധാന്യം ഊന്നിപറയുന്നു; അതോടൊപ്പം ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ളവരുടെ പ്രേഷിത ഉത്തരവാദിത്വം പ്രോത്സാഹിപ്പിക്കുന്നതിലും പ്രാദേശികസഭകളെ സഹായിക്കുന്നതിലുമുള്ള പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ ചെയ്യുന്ന സേവനവും ഞാൻ എടുത്തുപറയുന്നു. നിങ്ങളുടെ ജീവിത സാക്ഷ്യവും പ്രാർഥനയും ത്യാഗപ്രവൃത്തികളും ഉദാരമനസ്കതയുംവഴി സഭയുടെ പൊതുവായ സുവിശേഷവത്കരണ ദൗത്യത്തിൽ നിങ്ങളെല്ലാവരും, കുട്ടികളും യുവാക്കളും മുതിർന്നവരും വാർദ്ധക്യത്തിലെത്തിയവരും, പങ്കുചേരാൻ ഞാൻ അഭ്യർഥിക്കുന്നു. ഇക്കാര്യത്തിൽ ഞാൻ നിങ്ങൾക്കു നന്ദിപറയുന്നു!

പ്രിയ സഹോദരീസഹോദരന്മാരേ, നമ്മുടെ പ്രത്യാശയായ യേശുക്രിസ്തുവിന്റെ മാതാവായ മറിയത്തിലേക്കു നമുക്കു തിരിയാം. ഈ ജൂബിലിവർഷാചരണത്തിലും വരാനിരിക്കുന്ന വർഷങ്ങളിലുമുള്ള നമ്മുടെ പ്രാർഥനകൾ നാം അവളെ ഭരമേല്പിക്കുന്നു. “എല്ലാ മനുഷ്യരെയും അഭിസംബോധന ചെയ്യുന്ന വിധത്തിലുള്ള ദൈവസ്നേഹത്തിന്റെ സന്ദേശമായ ക്രൈസ്ത പ്രത്യാശ എല്ലാ സ്ത്രീപുരുഷന്മാരെയും പ്രകാശിപ്പിക്കട്ടെ. പ്രത്യാശയുടെ ഈ സന്ദേശത്തിന് സഭ ലോകമെമ്പാടും വിശ്വസ്തതയോടെ സാക്ഷ്യം വഹിക്കാൻ ഇടവരട്ടെ!” (*Spes Non Confundit*) “പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല”, 6).

**പാപ്പാ**

വിശുദ്ധ പൗലോസ് അപ്പോസ്തലന്റെ മാനസാന്തര
തിരുനാളിൽ, 2025 ജനുവരി 25–ാം തീയതി, വിശുദ്ധ
ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് നല്കപ്പെട്ടത്.

# MISSION SUNDAY COLLECTIONS
# 2024 - 2025

| Sl. No. | Name of Churches | Amount |
|---|---|---|
| **DISTRICT - I** | | |
| 1 | St. Francis Assisi Cathedral, Ernakulam | 1,00,000.00 |
| 2 | St. Mary's Church, Pulleppady | 25,000.00 |
| 3 | St. Sebastian Church, Bolghatty | 1,91,825.00 |
| 4 | Fathima Matha Church, Elamkulam | 25,000.00 |
| 5 | Infant Jesus Church, Ernakulam | 2,50,000.00 |
| 6 | St. Sebastian Church, Kadavanthara | 50,000.00 |
| 7 | St. George's Church, Perumanoor | 4,00,000.00 |
| 8 | Our Lady of Mercy Church, Ponnarimangalam | 80,000.00 |
| 9 | St. Antony's Church, Mulavukad | 70,000.00 |
| 10 | St. Joseph's Church, Thevara | 4,00,000.00 |
| 11 | The National Shrine Basilica of Our Lady of Vallarpadam | 3,48,256.00 |
| 12 | St. Joseph's Church, Panambukad | 43,000.00 |
| 13 | St. Peter & Paul's Church, Venduruthy | 10,000.00 |
| 14 | Holy Family Monastery,Cemetary JN | 70,000.00 |
| 15 | St.Teresa's Monastery Church, Ekm | 15,000.00 |
| **DISTRICT - II** | | |
| 1 | Our Lady of Mount Carmel, Chathiath | 3,45,678.00 |
| 2 | Thattazhathama, Vaduthala | 1,75,000.00 |
| 3 | Lourdu Matha Church, Vaduthala | 62,000.00 |
| 4 | Holy Family Church, Chittoor | 2,00,000.00 |
| 5 | Our Lady of Perpetual Help Church, Cheranelloor | 1,25,000.00 |
| 6 | St. James Church, Cheranelloor | 80,000.00 |
| 7 | Sacred Heart of Jesus Church, Edappally North | 1,00,000.00 |
| 8 | St. Sebastian's Church, Edayakunnam | 5,000.00 |
| 9 | Sacred Heart Of Jesus Church, Kothad | 55,000.00 |
| 10 | St. Augustine's Church, Moolampilly | 1,00,000.00 |
| 11 | St. Francis Xavier's Church, Pizhala | 1,00,001.00 |
| 12 | St. Antony's Church, Vaduthala | 2,07,990.00 |
| 13 | St. Peter's Church, Vaduthala | 70,000.00 |

| DISTRICT - III | | |
|---|---|---|
| Sl. No. | Name of Churches | Amount |
| 1 | St. John the Baptist Church, Palarivattom | 7,77,777.00 |
| 2 | Capuchin Ashram, Ponnurunny | 54,500.00 |
| 3 | St. Sebastian Church, Chalikkavottom | 25,000.00 |
| 4 | Abhaya Matha Church, Vennala | 17,350.00 |
| 5 | St. Francis Xavier's Church, Kaloor | 13,55,000.00 |
| 6 | Little Flower Church, Pottakuzhy | 1,30,000.00 |
| 7 | Lourdu Matha Church, Elamakkara | 50,000.00 |
| 8 | St. Francis Xavier's Church, Ponel | 1,20,125.00 |
| 9 | Our Lady Of Mount Carmel Church, Mamangalam | 5,73,174.00 |
| 10 | St. Michael's Church, Kakkanad | 60,000.00 |
| 11 | St. Antony's Church, Athany, Kakkanad | 10,000.00 |
| 12 | St. Nicholas De Flu Church, Padamugal | 50,000.00 |
| 13 | Our Lady of Dolours Church, Thuthiyoor | 1,00,000.00 |
| 14 | St. John Bosco Church, Edachira | 23,991.00 |
| DISTRICT - IV | | |
| 1 | St. Mary Magdlene Church, Moothedam, Maradu | 1,98,656.00 |
| 2 | St. Antony's Church, Panangad | 1,30,000.00 |
| 3 | St. Sebastian's Church, Madavana | 1,66,550.00 |
| 4 | St. Joseph's Church, Cheppanam | 16,000.00 |
| 5 | Church of Our Lady of Immaculate Heart of Mary, Nettoor | 1,70,000.00 |
| 6 | Holy Cross Church, Nettoor | 50,000.00 |
| 7 | St. Thomas Church, Thomaspuram | 17,494.00 |
| 8 | St. Raphael's Church, Thykoodam | 3,20,670.00 |
| 9 | St. Patrick's Church, Vyttila | 1,00,000.00 |
| 10 | St. Joseph's Church, Tripunithura | 1,50,000.00 |
| 11 | Nirmalambika Church, Irumpanam | 5,000.00 |
| 12 | St. George's Church, Puthencruz | 75,000.00 |
| 13 | St. George's Church, Eroor | 60,000.00 |
| 14 | Our Lady Of Perp. Help Church, Udayamperoor | 50,000.00 |
| 15 | St. Jude's Church, Kureekad | 20,000.00 |
| 16 | St. Antony's Church, Mulamthuruthy | 15,000.00 |
| 17 | St. Joseph's Church, Ambalamugal | 80,000.00 |

| DISTRICT - V | | |
|---|---|---|
| Sl. No. | Name of Churches | Amount |
| 1 | Mary Queen Help of Christians Church, Choornikkara | 40,000.00 |
| 2 | St. Antony's Church, Eloor | 15,000.00 |
| 3 | Christ The King Church, Eloor North | 55,000.00 |
| 4 | St. Pius X Church, Kalamassery | 1,00,000.00 |
| 5 | Vimalambika Church, Pallilamkara | 10,000.00 |
| 6 | St. Paul's Church, Kalamassery | 11,425.00 |
| 7 | St. Thomas Church, Kuttikattukara | 68,500.00 |
| 8 | Church of Our Lady Of Fathima, Edayar | 32,627.00 |
| 9 | Church of Our Lady of Immaculate Conception, Manjummel | 2,11,005.00 |
| 10 | St. John of The Apostle Church, Muppathadam | 10,000.00 |
| 11 | St. John of God, Kalamassery | 5,000.00 |
| 12 | St. Jude's Church, Unichira | 50,000.00 |
| 13 | Lourdu Matha Church, Thevakkal | 10,000.00 |
| **DISTRICT - VI** | | |
| 1 | St. Francis Xavier's Church, Alwaye | 44,610.00 |
| 2 | Sacred Heart of Jesus Church, Mudickal | 32,000.00 |
| 3 | Church of Our Lady of Health, Ponjassery | 7,500.00 |
| 4 | St. Jude Thaddeus Church, Edathala | 2,00,000.00 |
| 5 | Christ the King Church, NAD, Aluva | 7,000.00 |
| 6 | Our Lady of Immaculate Conception Church, Koratty | 80,000.00 |
| 7 | St. Jude Thaddeus Church, Yoodapuram | 35,000.00 |
| 8 | Our Lady of Dolours Church, Manjaly | 33,000.00 |
| 9 | St. Joseph's Church, Karumaloor, Manakapady | 31,560.00 |
| 10 | Unnimishiha Church, Thelathuruth, Kuthiathode | 12,000.00 |
| 11 | St. Anne's Church, Thottakattukara | 3,34,590.00 |
| 12 | St. Antony's Church, Athani, Nedumbassery | 71,066.00 |
| 13 | St. Francis Assissi Church, Chowara | 8,500.00 |
| 14 | St.Jude Church, Parappuram | 6,000.00 |

| DISTRICT - VII | | |
|---|---|---|
| Sl. No. | Name of Churches | Amount |
| 1 | St. Antony's Church, Chennur | 53,000.00 |
| 2 | Our Lady of Velankanni, Chariyamthuruth | 18,115.00 |
| 3 | St. Joseph's Church, Kadamakudy | 43,012.00 |
| 4 | Christ the King Church, Christnagar | 81,710.00 |
| 5 | St. Philomina's Church, Koonammavu | 2,00,000.00 |
| 6 | Sacred Heart Church, Thevarkad | 21,010.00 |
| 7 | Church of Our Lady of Rosary, Maloth | 33,900.00 |
| 8 | St. Antony's Church, Kongorpilly | 25,000.00 |
| 9 | St.Antony's Church, Chirayam | 25,000.00 |
| 10 | Church of Our Lady of Nativity, Muttinakam | 1,00,000.00 |
| 11 | St. Joseph's Church, Neerikode | 1,25,000.00 |
| 12 | Little Flower Church, Panayikulam | 15,000.00 |
| 13 | Infant Jesus Church, Thundathumkadavu | 50,165.00 |
| 14 | Amalolbhavamatha Church, Valluvally | 1,63,250.00 |
| 15 | Mt. Carmel & St. Joseph's Church, Varapuzha | 3,00,000.00 |
| 16 | St. Maximillian Kolbe Church, Thoosham | 9,000.00 |
| DISTRICT - VIII | | |
| 1 | St. Ambrose Church, Edavanakad | 1,87,700.00 |
| 2 | St. George Church, Karthedom | 2,70,000.00 |
| 3 | St. Sebastian's Church, Perumalpady | 75,290.00 |
| 4 | Cruz Milagres Church, Kurisinkal | 1,50,000.00 |
| 5 | Church of Our Lady of Rosary, Murikkumpadam | 34,400.00 |
| 6 | St. Sebastian Church, Puthuvaipu | 59,649.00 |
| 7 | Church of Our Lady of Perpetual Help, Ochanthuruth | 1,15,625.00 |
| 8 | Holy Family Church, Perumpilly | 1,10,000.00 |
| 9 | Church Of Our Lady of Rosary, Elamkunnapuzha | 15,000.00 |
| 10 | Christ the King Church, Arattuvazhy | 10,000.00 |
| 11 | St. Francis Xavier's Church, Manjanakad | 29,710.00 |
| 12 | St. George Church, Nayarambalam, Vadel | 50,000.00 |
| 13 | Sacred Heart of Jesus Church, Manattuparambu | 70,000.00 |
| 14 | St. Joseph's Church, Malippuram | 52,000.00 |

| Sl. No. | NAME OF CONVENTS & INSTITUTIONS | Amount |
|---|---|---|
| 1 | House of Providence, Ernakulam | 62,400.00 |
| 2 | Sisters of Holy Nativity, Ponnarimangalam | 3,000.00 |
| 3 | St. Teresa's Convent, Ernakulam | 90,000.00 |
| 4 | Vimalalayam, Kacherippady | 20,000.00 |
| 5 | St.Alberts College, Ekm | 50,000.00 |
| 6 | St. Antony's Convent, Kacherippady | 5,000.00 |
| 7 | St.Antony's HSS Kacheripady | 5,000.00 |
| 8 | St.Antony's EMLPS Kacheripady | 2,000.00 |
| 9 | St.Antony's Nursery School, Kacheripady | 5,000.00 |
| 10 | St.Teresa's Mercy Home, Kacheripady | 5,000.00 |
| 11 | Amalambika Covent, Vaduthala | 5,000.00 |
| 12 | Ebe Centre, Kothad | 5,000.00 |
| 13 | St. Francis Xavier's Convent, Kaloor | 3,000.00 |
| 14 | Vincent De Paul Convent | 5,000.00 |
| 15 | CKC Ponnurunni | 12,000.00 |
| 16 | CKC H S Ponnurunni | 3,000.00 |
| 17 | CKC LPS Ponnurunni | 6,100.00 |
| 18 | Casa Gusappe, Maradu | 3,000.00 |
| 19 | St. Maximillian Kolbe Seminary, Kalamassery | 9,250.00 |
| 20 | L F Ing.Istitute, Kalamassry | 35,000.00 |
| 21 | St.Xaviers College, Aluva | 10,000.00 |
| 22 | St.Xaviers Convent, Aluva | 5,000.00 |
| 23 | St.Rita's Convent, Muttinakam | 3,000.00 |
| 24 | LMC Convent, Pachalam | 5,000.00 |
| 25 | Lourdes Hospital, Ernakulam | 3,50,000.00 |
| 26 | Little Flower Convent, Aluva | 3,000.00 |
| 27 | P.S. Convent, Maradu | 2,000.00 |
| 28 | P.S. Mission Hospital, Maradu | 2,000.00 |
| 29 | School of Nursing P.S.Hospital Maradu | 2,000.00 |
| 30 | DMLT P.S.Hospital Maradu | 2,000.00 |
| 31 | Psalms,P.S.Hospital Maradu | 2,000.00 |
| 32 | Regina Coeli Convent, South Kalamassery | 3,000.00 |
| 33 | Teresian Carmel Convent, South Kalamassery | 1,000.00 |
| 34 | St. Francis HSS for Girls, Aluva | 3,000.00 |
| 35 | St. Francis HS, Aluva | 3,000.00 |
| 36 | St. Francis L.P. School, Aluva | 3,000.00 |

## CIRCULAR - 24

# വരാപ്പുഴ അതിരൂപതയിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിക്ക് തൊണ്ണൂറ് വയസ്സ്!

*യേശുവിൽ പ്രിയ വൈദികസഹോദരരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

ആഗോള കത്തോലിക്കാ സഭയിലെ ഏറ്റവും വലിയ അല്മായ സംഘടനയായ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി വരാപ്പുഴ അതിരൂപതയിൽ ആരംഭിച്ചിട്ട് നീണ്ട 90 വർഷങ്ങൾ പിന്നിടുകയാണ്. ദൈവദാസൻ ജോസഫ് അട്ടിപ്പേറ്റി പിതാവിന്റെ ദീർഘവീക്ഷണത്തിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ഒരു കോൺഫറൻസ് സെന്റ് തോമസ് കോൺഫറൻസ് എന്ന പേരിൽ കത്തീഡ്രൽ ദൈവാലയത്തിൽ സ്ഥാപിതമാകുന്നത് 1935-ലാണ്. റോമിൽ വൈദികവിദ്യാർഥിയായിരിക്കേ ഈ സംഘടനയുടെ പ്രവർത്തനങ്ങൾ അടുത്തറിഞ്ഞ അദ്ദേഹം കേരളത്തിലെ അന്നത്തെ പാവപ്പെട്ട ജനസമൂഹത്തിന് ഈ പ്രസ്ഥാനം വലിയ അനുഗ്രഹമാകുമെന്ന് ഉറച്ചു വിശ്വസിച്ചു. അങ്ങനെ അട്ടിപ്പേറ്റി പിതാവ് നേരിട്ടാണ് ഈ അൽമായ പ്രസ്ഥാനത്തിന് വരാപ്പുഴയിലും പരിസരപ്രദേശങ്ങളിലും വിത്ത് പാകുകയും റീത്തു വ്യത്യാസമില്ലാതെ വളർത്തിയെടുക്കുകയും ചെയ്തത്. സംഘടനയുടെ സുഗമമായ വളർച്ചയ്ക്ക്, നിലവിലുണ്ടായിരുന്ന ഇംഗ്ലീഷ് മാനുവൽ തടസമാണെന്ന് മനസ്സിലാക്കിയ അദ്ദേഹം നിയമാവലി മലയാളത്തിലേക്ക് തർജിമ ചെയ്യുന്നതിനും മുൻകൈയെടുത്തു. അങ്ങിനെ 1961-ൽ എറണാകുളത്തെ ഐ.എസ് പ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ച മലയാളം നിയമാവലി ഇന്ത്യയിലെ സൊസൈറ്റിയുടെ ആദ്യ പ്രാദേശിക ഭാഷാ നിയമാവലിയാണ്. ഇത് പിന്നീട് കേരളത്തിലെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടുകയും ചെയ്തു. വരാപ്പുഴ അതിരൂപതയിൽ ആദ്യം സ്ഥാപിക്കപ്പെട്ട യൂണിറ്റ് സെന്റ് തോമസ് കോൺഫറൻസ്

എന്ന പേരിൽ കത്തീഡ്രൽ ദൈവാലയത്തോട് ചേർന്ന് ഇന്നും സജീവമായി പ്രവർത്തിക്കുന്നു.

ഇന്ന് വരാപ്പുഴയിലെ എല്ലാ ഇടവകകളിലും സബ്സ്റ്റേഷനുകളിലുമായി 159 കോൺഫറൻസുകളിലൂടെ 1,412 പ്രവർത്തകർ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാണ്. ഇക്കഴിഞ്ഞ വർഷം 4 കോടിയോളം രൂപയാണ് വരാപ്പുഴ അതിരൂപതയിൽ പാവങ്ങൾക്ക് വേണ്ടി സൊസൈറ്റി ചെലവഴിച്ചത്. ഹൈകോർട്ട് ജംഗ്ഷനിൽ പ്രവർത്തിക്കുന്ന, 1954–ൽ രൂപംകൊണ്ട വരാപ്പുഴ സെൻട്രൽ കൗൺസിലാണ് അതിരൂപതയിലെ എല്ലാ ഇടവകകളിലെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. കഴിഞ്ഞ മാസം സംഘടനയുടെ ദേശീയ കൗൺസിലിന്റെ 71–ാമത് വാർഷിക സമ്മേളനം വരാപ്പുഴ അതിരൂപതയിൽ വിജയകരമായി സംഘടിപ്പിക്കുകയുണ്ടായി. ആശീർഭവനിൽ നടന്ന സമ്മേളനം ഉത്ഘാടനം ചെയ്ത എനിക്ക് എല്ലാ രൂപതകളിലെയും പ്രതിനിധികളെ നേരിട്ട് കാണുവാനും സംസാരിക്കുവാനും കഴിഞ്ഞത് ഈ അവസരത്തിൽ ഞാൻ ഓർക്കുന്നു.

1833–ലാണ് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ആഗോളതലത്തിൽ സ്ഥാപിതമായത്. അന്ന് വെറും 20 വയസ്സുമാത്രം പ്രായമുണ്ടായിരുന്ന നിയമ വിദ്യാർഥിയായിരുന്ന ഫ്രെഡറിക് ഒസാനാമും 5 ചെറുപ്പക്കാരും കൂടി പ്രൊ. ജോസഫ് ഇമ്മാനുവൽ ബെയ്‌ലിയെന്ന പത്രപ്രവർത്തകന്റെ പാരീസിലുള്ള ഓഫീസിൽ വച്ച് അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ പ്രഥമയോഗം ചേർന്നതോടെ കത്തോലിക്കാ സഭയിലെ ഏറ്റവും വലിയ അല്മായ ജീവകാരുണ്യ പ്രസ്ഥാനത്തിന് തുടക്കമായി.

“എന്റെ ഏറ്റവും എളിയ സഹോദരരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാകുന്നു നിങ്ങൾ ചെയ്തതെന്ന് സത്യമായി ഞാൻ നിങ്ങളോട് പറയുന്നു”വെന്ന ക്രിസ്തു വചനത്തിൽ അടിയുറച്ച് വിശ്വസിച്ചുകൊണ്ട് പാവങ്ങളേയും ദുരിതമനുഭവിക്കുന്നവരെയും സന്ദർശിച്ച് അവർക്കാവശ്യമായ സാധിക്കുന്ന സഹായങ്ങൾ നൽകുകയും അതിലൂടെ ദൈവത്തിന്റെ കരുണയും സ്നേഹവും

അവർക്ക് അനുഭവവേദ്യമാക്കികൊടുക്കുകയും ചെയ്തുകൊണ്ട് അവരെ ദൈവത്തിലേക്ക് അടുപ്പിക്കുകയും അങ്ങിനെ അവരുടേയും തങ്ങളുടേയും ആത്മവിശുദ്ധീകരണം സാധ്യമാക്കുക എന്നതാണ് വിൻസെൻഷ്യൻ ലക്ഷ്യവും ശൈലിയും.

വരാപ്പുഴ അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും തന്നെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി സജീവമായി പ്രവർത്തിക്കുന്നു എന്നത് വളരെയേറെ സന്തോഷവും അഭിമാനവും നൽകുന്ന ഒന്നാണ്. സൊസൈറ്റിയിൽ നിന്നും വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് സഹായം ലഭിച്ച് ജോലിയിൽ പ്രവേശിച്ച പലരും പിന്നീട് സൊസൈറ്റിയെ സാമ്പത്തികമായി പിൻതുണയ്ക്കുന്നുണ്ടെന്ന കാര്യവും വളരെ ശ്ലാഘനീയമാണ്.

ക്രൈസ്തവ സ്നേഹത്തിന്റെയും, സാഹോദര്യത്തിന്റെയും, കരുണയുടെയും പ്രതീകമായ ഈ പ്രസ്ഥാനം കൂടുതൽ ശക്തിപ്പെടേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇടവക വിശ്വാസികളുടെ ഏതാവശ്യത്തിനും സഹായിക്കുവാൻ സന്നദ്ധതയുള്ള ഒരു പ്രസ്ഥാനമുള്ളത് ഏറെ ആശ്വാസദായകമാണ്. വരാപ്പുഴ അതിരൂപതയിലെ എല്ലാ കുടുംബങ്ങളും ഈ മഹാപ്രസ്ഥാനത്തിനു പിന്നിൽ അണിചേരേണ്ടതാണെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു.

അതിരൂപതയോടും ഇടവകയോടും ചേർന്ന്നിന്ന് നിശബ്ദമായി പ്രവർത്തിക്കുന്ന ഈ പ്രസ്ഥാനത്തിനും, സാമ്പത്തിക പിന്തുണ നൽകുന്ന എല്ലാ സഹോദരങ്ങൾക്കും ഞാൻ ഹൃദയപൂർവം ആശംസകൾ നേരുന്നു. കരുണയുടെ മുഖമെന്ന് സഭാ പിതാക്കന്മാർ വിശേഷിപ്പിച്ച സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയിൽ അംഗങ്ങളായി ചേരുക വഴി കൂടുതൽ പേർ യേശുവിന് സാക്ഷ്യം വഹിക്കുന്നവരായി ത്തീരട്ടെയെന്ന് ഞാൻ പ്രാർഥിക്കുന്നു. വിൻസെന്റ് ഡി പോൾ സൊസൈറ്റിക്ക് ദൈവം സമ്മാനമായി നൽകിയ വി. പിയർ ജിയോർ ജ്ജിയോ ഫ്രെസാറ്റിയുടെയും വി. വിൻസെന്റ് ഡി പോളിന്റെയും മാധ്യസ്ഥ്യത്താൽ വിൻസെൻഷ്യൻ ചൈതന്യത്തോടെ പ്രവർത്തിക്കാനും പാവങ്ങളുടെയും നിരാലംബരുടെയും കണ്ണീരൊപ്പാനും നിങ്ങൾക്ക് എന്നും കഴിയട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

എനിക്ക് നിങ്ങളോടുള്ള പൈതൃക സ്നേഹത്തിന്റെ അടയാള മായി പിതാവിന്റേയും, പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2025 ഒക്ടോബർ 12-ാം തീയതി,

✠ **ജോസഫ് കളത്തിപ്പറമ്പിൽ**
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

---

N.B.: **ഈ സർക്കുലർ 2025 ഒക്ടോബർ 26-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ വിവരങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.**

## NOTIFICATION - 12

## APPOINTMENTS

1. **Rev. Fr. Nibin Kuriakose Pappaliparambil**
   Priest in Charge,
   St. Sebastian's Church
   Gandhinagar - 682017

2. **Rev. Fr. Augustine Roshan Kalloor**
   Ministry
   Firenze, Italy

3. **Rev. Fr. Augustine Baiju Kuttickal**
   Parish Priest, Amalolbhava Matha Church
   (Our Lady of Immaculate Conception)
   Amalanagar, Valluvally - 683 518.

4. **Rev. Fr. Martin Azhikkakath,**
   Parish Priest
   Church of Our Lady of Rosary
   Murikumpadam, Azheekal P.O. - 682 510.

5. **Rev. Fr. Joseph Panikkassery**
   Parish Priest, Infant Jesus Church
   Thundathumkadavu - 683 517.

6. **Rev. Fr. Augustine Shelbin Variath**
   Diocese of Gallup
   503 W. Highway 66
   Gallup, NM 87301
   PO Box 1338, USA

7. **Rev. Fr. George Mangalath**
   Avilabhavan, Chembumukku
   Kakkanad Cochin - 682 021

8. **Rev. Fr. Koshy Mathew Chellath**
   Parish Priest, St. Antony's Church
   Nedumbassery, Athany, Cochin – 683585
   & Associate Archivist
   Archdiocese of Verapoly

9. **Rev. Fr. Jomy Sijo Padanilath**
   Parish Priest, Our Lady of Dolours Church
   Manjaly, Mannam P.O.
   North Paravur - 683 520

10. **Rev.Fr. Thomson Olattupurath IVD**
    Priest in Residence for Special Pastoral Service
    St. Joseph's Church
    Neerikode

12.10.2025

**Chancellor**
Verapoly

# CASUS
## November 2025

Can Non-Catholics Serve as Baptismal Sponsors?

Q1: A friend of mine is an Orthodox. He recently mentioned to me that he is the godfather to the child of Catholic parents. But how could a Presbyterian be allowed to become the godparent of a Catholic baby? I thought the whole purpose of godparents was to protect the baby's Catholic faith if something happened to the parents - Joseph

Q2: Our daughter is expecting her first child. She spoke to a priest at her parish about having the baby baptized, and among other things she mentioned that she and her husband are having difficulty finding a good Catholic man to serve as the baby's godfather. Maybe my daughter got confused, but she tells me the priest said that you don't need to have a godfather, but can have two godmothers instead if you want to. That didn't sound right to me. Is it correct? - Mary

A: Probably all of us are familiar with the typical Catholic infant-baptism scenario, which involves a Catholic godmother and godfather chosen by the child's parents. But let's take a look at what is actually required at a Catholic baptism by the Code of Canon Law. The canons on this topic are fairly straightforward, so a brief overview will provide answers to both of the above questions.

In so far as possible, a sponsor is to be assigned to a person who is to be baptized (c. 872). The law does not absolutely require a sponsor in every case, and we can easily think of scenarios in which there simply would be no time to find one. The case of a dying newborn, for example, who is quickly baptized by the hospital staff, clearly does not require that a sponsor be found before the baptism can take place. Note that the absence of a sponsor has no effect on the validity of a baptism.

Canon 873 notes specifically that one sponsor, either a godfather (patrinus in Latin) or godmother (matrina) is sufficient, but that there may be one of each. It is not, therefore, necessary for Mary's daughter to find a godfather for her baby so long as the baby will have a godmother.

What is the purpose of a baptismal sponsor, anyway? Canon 872 describes the sponsor's job, for both an adult baptism and that of an infant. The role of the baptismal sponsor in the case of an adult is to assist the person in Christian initiation. For an infant, a sponsor is to present the child for baptism together with the child's parents, and to help him live a Christian life fitting for a baptized person, and to fulfill faithfully the duties inherent in his baptism. In other words, a sponsor is not supposed to disappear from the baptized person's spiritual life after the baptism takes place. As the Catechism of the Catholic Church notes, "faith must grow after baptism," this indicates the important role that a sponsor is to play in the ongoing spiritual development of the newly baptized person (CCC 1254-1255). Thus Joseph's understanding of the general role of a Catholic child's godparents is essentially on the mark.

Consequently, godparents must possess the requisite characteristics if they are properly to fulfill such an important role. The requirements for a baptismal sponsor are described in Canon 874, 1°. The person who is asked to assume the duties of a baptismal sponsor must be willing to fulfill them; he must be at least 16 years old (as per our Statutes 18 years old), and be a Catholic who has already been confirmed and received his/her first Holy Communion; he/she cannot be under any canonical penalty (such as excommunication); and finally, a sponsor may not be the father or mother of the person to be baptized.

In other words, Joseph's Orthodox friend, who asserted that he is the godfather to a Catholic child, cannot in fact have legally been the child's sponsor. But before we jump to conclusions and assume that the parish priest somehow erred in permitting a non-Catholic to stand as godfather to a Catholic infant, it is necessary to take a look at Canon 874, §2, which conveniently addresses this very question. A baptized non-Catholic may be permitted to serve at a Catholic baptism, but only in company with another, Catholic sponsor, and simply as a witness. In other words, canon law permits the parents of an infant to choose a Catholic and a non-Catholic Christian as "godparents," and exteriorly they may both appear to assume these roles at the actual baptismal ceremony. But in the parish's baptismal register, only the Catholic will be recorded as the official sponsor of the child, while the non-Catholic will be mentioned only as a witness to the celebration of the sacrament-if indeed he is mentioned at all.

What's the difference between a baptismal sponsor and a witness? Canon 875 explains that if there is no sponsor present at a baptism-as in the urgent case of the baptism of a dying newborn referenced above-the person who administers the sacrament is to take care that there is at least one witness present, who can prove that the baptism did indeed take place. Anyone, Catholic or not, can serve as a witness for this purpose.

If the parents appear to be more concerned with choosing godparents who are close friends or family rather than practicing Catholics committed to the spiritual well being of the child, their pastor may find this an excellent opportunity to remind them of the true nature of the godparents' role in their baby's Catholic formation. It is unfortunate that nowadays many parents and godparents alike seem to view the role of the godparents as simply some sort of social convention,

requiring them to send the child birthday and Christmas gifts, but not necessarily to interest themselves in the rearing of the child in the Catholic faith.

To sum up, Joseph's Orthodox friend may very well have served as "godfather" during the baptism of a Catholic child, but he cannot technically be the infant's official baptismal sponsor as per canon 874, cited above. And Mary's daughter need not choose a godfather for her child's baptism, since a godmother is sufficient; if she wishes unofficially to name more "godmothers" to her baby, she of course can do so, but only one godmother will be listed on the child's official record in the parish's baptismal registry. In each case, we can see here that the Church maintains the spiritual significance of the baptismal sponsor, while not denying the possibility that some families may wish for an honorary, unofficial role of others in this momentous event in the life of a new Catholic.

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21